# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-2026

## GOVT. U.P SCHOOL
## KALLISSERY, CHENGANNUR



## ആമുഖം

അന്താരാഷ്ട്ര നിലവാരത്തിലേക്ക് വിദ്യാലയത്തിലെ ഓരോ കുട്ടിയുടെയും ധാരണകളും നൈപുണികളും ശേഷികളും മനോഭാവവും മൂല്യങ്ങളും വികസിപ്പിക്കുന്നതിനും അതുവഴി മികച്ച കേന്ദ്രമായി പൊതുവിദ്യാലയങ്ങളെ വളർത്തുന്നതിനും ലക്ഷ്യം വെച്ചുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ്. അതുകൊണ്ടുതന്നെ അക്കാദമിക മികവ് വർദ്ധിപ്പിക്കുന്നതിനുള്ള കൃത്യമായ പദ്ധതികൾ രൂപപ്പെട്ടു വരേണ്ടതുണ്ട് .ഭാഷാ, ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, തുടങ്ങി എല്ലാ വിഷയങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ആസ്വാദ്യകരമാക്കാനും അവരെ മികച്ച നിലവാരത്തിലേക്ക് വളർത്താനുള്ള സമയബന്ധിത പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മനഃപ്പാഠമാക്കൽ അല്ല പഠനമെന്നും അറിവിനെ ജീവിതവുമായി ബന്ധപ്പെടുത്തി കുട്ടികളുടെ സർവ്വോന്മുഖമായ വികസനത്തെ ലക്ഷ്യം വെച്ചുകൊണ്ടാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

## സ്കൂൾ ചരിത്രം

കല്ലിശ്ശേരി ഗ്രാമത്തിൽ അതിപുരാതന ആരാധനാലയമായ അഴകിയകാവ് ക്ഷേത്രത്തിനു സമീപം കുന്നുംപുറം സ്കൂൾ എന്നറിയപ്പെടുന്ന കല്ലിശ്ശേരി ഗവ യുപി സ്കൂൾ സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തെ ഏക സർക്കാർ സ്ഥാപനമാണ് ഈ വിദ്യാലയം. 1904 ൽ 5-ാം ക്ലാസ് വരെയുള്ള മലയാളം പ്രൈമറി സ്കൂളായി പ്രവർത്തനം ആരംഭിച്ചു. പിന്നീട് 7-ാം ക്ലാസ് വരെയുള്ള മലയാളം വിദ്യാലയം ആയി ഉയർത്തി. സർക്കാർ ഈ സ്ഥാപനം ഏറ്റെടുക്കുകയും ചെങ്ങന്നൂർ താലൂക്കിന്റെ നാനാഭാഗത്തു നിന്നുമുള്ള കുട്ടികൾ വിദ്യതേടി എത്തുകയും ചെയ്തിരുന്നു.

അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം സ്കൂളുകളുടെ ആധിക്യം കുട്ടികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു.നിലവിൽ 7 ക്ലാസ് മുറികൾ, ഓഫീസ്, പ്രീ പ്രൈമറി, അംഗനവാടി എന്നിവ മൂന്ന് കെട്ടിടങ്ങളിലായി പ്രവർത്തിച്ചു വരുന്നു.

## അവസ്ഥാ പഠനം

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മത്സര പരീക്ഷയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ ടി ഉപകരണങ്ങളുടെ ലഭ്യത കുറവ്
- ജൈവ വൈവിധ്യ ഉദ്യാനങ്ങൾ പഠനാനുഭവങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിൽ വളർന്നിട്ടില്ല. ബാഹ്യ ഇടപെടലുകൾ മൂലം ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല.

## പരിഗണിക്കേണ്ട മേഖലകൾ

- പാഠ്യ പദ്ധതി വിനിമയം
- പഠനാന്തരീക്ഷം
- അദ്ധ്യാപകർ
- ഭൗതിക സാഹചര്യം
- സാമൂഹ്യ ഇടപെടലുകൾ

## പാഠ്യപദ്ധതി വിനിമയം :

**മേഖല : വായന (ഭാഷ)**

| ആശയ വ്യക്തതയോടെ സ്വതന്ത്രമായി വായിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ വായിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ വായിക്കാൻ ശ്രമിക്കുന്നു. |
|---|---|---|
| LP തലം | | |
| 25% | 70% | 5% |
| UP തലം | | |
| 45% | 35% | 20% |

ഗണിതം

**മേഖല : പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നു**

| കുട്ടി സ്വയം പ്രശ്നം പരിഹരിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കുന്നു | അധ്യാപികയുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നു |
|---|---|---|
| LP തലം | 50% | 30% |
| 30% | | |
| UP തലം | 75% | 10% |
| LP തലം | | |

**ശാസ്ത്രം**

**മേഖല : ശാസ്ത്ര പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു**

| സ്വതന്ത്രമായി ആസൂത്രണം ചെയ്ത അനുയോജ്യമായ ഉപകരണങ്ങൾ തെരഞ്ഞെടുത്ത് പരീക്ഷണം നടത്തി നിഗമനത്തിലെത്തുന്നു | പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു നിഗമനത്തിലെത്താൻ കഴിയുന്നില്ല | അധ്യാപികയുടെ സഹായത്തോടെ പരീക്ഷണം ചെയ്യുന്നു |
|---|---|---|
| LP തലം | 60% | 10% |
| 30% | | |
| UP തലം | 50% | 10% |
| LP തലം | | |

## പഠനാന്തരീക്ഷം

- ക്ലാസ്സ്മുറികൾ വേർതിരിച്ചിട്ടില്ലാത്തതിനാൽ കുട്ടികൾക്ക് പഠനത്തിൽ ശ്രദ്ധാകേന്ദ്രീകരിക്കാൻ കഴിയുന്നില്ല.
- ക്ലാസ്സുകൾക്ക് ആനുപാതികമായി ആധുനിക സാങ്കേതിക ഉപകരണങ്ങടെ ലഭ്യത കുറവ്.
- ആധുനിക ക്ലാസ് മുറികളുടെ അപര്യാപ്ത.
- ജൈവ വൈവിധ്യ ഉദ്യാനം നിലനിർത്തികൊണ്ടുപോകാൻ സാധിക്കുന്നില്ല.
- വിവിധ വിഷയങ്ങൾക്ക് അനുസരിച്ചുള്ള ലാബുകൾ പ്രവർത്തിക്കാനുള്ള അടിസ്ഥാന സൗകര്യങ്ങളില്ല.
- അമൂല്യമായ പുസ്തകങ്ങൾ ശരിയായ രീതിയിൽ സൂക്ഷികുന്നതിന് ആവിശ്യമായ സൗകര്യങ്ങളില്ല.

## അധ്യാപകർ

- സ്വതന്ത്രവും നിർഭയവുമായ അന്തരീഷത്തിൽ പഠന പ്രക്രിയ പൂർത്തിയാകാൻ അധ്യാപകർക്ക് കഴിയുന്നു.
- വ്യക്തമായ ആസൂത്രണത്തോട് കൂടിയ അധ്യയനം.
- ഈ വർഷം പാഠ്യ പാഠ്യേതര പ്രവർത്തങ്ങളിൽ രക്ഷകർത്താക്കളുടെ പൂർണ പിന്തുണ ലഭിച്ചു വരുന്നു.

## സാമൂഹ്യ ഇടപെടലുകൾ

- PTA, SMC, MPTA തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ എന്നിവരുടെ ഇടപെടലുകൾ സ്കൂളിലെ പ്രവർത്തനത്തെ മികവുറ്റതാക്കാൻ സഹായിക്കുന്നു.
- കാലാവസ്ഥാ വ്യതിയാനം, പ്രകൃതി ദുരന്തം എന്നിവ മൂലം സ്കൂൾ ക്യാമ്പ് ആയി പ്രവർത്തിക്കുന്നതുമൂലം ഉപകരണങ്ങൾക്ക് നാശനഷ്ട്ടം സംഭവിക്കുന്നു.
- സാമുഹ്യ വിരുദ്ധരുടെ ശല്യം മൂലം സ്കൂൾ കെട്ടിടങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പു വരുത്തുക.
- സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പു വരുത്തുക.

- ആധുനിക സാങ്കേതിക വിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ്മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുകയും അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടിക്ക് ഉറപ്പുവരുത്തുകയും ചെയ്യുക.
- ജൈവ വൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റുക.
- വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

## നിലവിലെ അവസ്ഥ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി, എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- മത്സര പരീക്ഷയിൽ കുട്ടികളുടെ പിന്നാക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.
- ഐ. ടി ഉപകരണങ്ങുടെ ലഭ്യതക്കുറവ്.
- ജൈവ വൈവിധ്യ ഉദ്യാനങ്ങൾ പഠനാനുഭങ്ങൾ പ്രദാനം ചെയ്യുന്ന തരത്തിൽ വളർന്നിട്ടില്ല. ബാഹ്യ ഇടപെടലുകൾ മൂലം ഈ ലക്ഷ്യം കൈവരിക്കാൻ കഴിയുന്നില്ല.

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

- എല്ലാ കുട്ടികളെയും വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്ക് അവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.
- മികച്ച വായനാശീലം വളർത്തുക.
- സർഗാത്മക കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള അവസരം നൽകുക.
- ഭാഷാശേഷി വികസിപ്പിക്കാനുള്ള നൂതന സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തുക.

### ഇംഗ്ലീഷ്

- എല്ലാ കുട്ടികളിലും അക്ഷരങ്ങൾ ഉറപ്പിക്കുന്നതിനും വായിക്കുന്നതിനും എഴുതുന്നതിനുമുള്ള ശേഷി ഉണ്ടാക്കുക.
- ഇംഗ്ലീഷ് ഭാഷയിൽ എഴുതുന്നതിനും വായിക്കുന്നതിനുമുള്ള പ്രാപ്തി നേടുക.
- ലഘുകഥകൾ, കവിതകൾ എന്നിവ വികസിപ്പിക്കുക.
- സ്വതന്ത്രവായനയ്ക്കും സ്വതന്ത്രഎഴുത്തിനും സജ്ജരാക്കുക.
- സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക.
- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.

### ഹിന്ദി

- എല്ലാകുട്ടികളിലും ഹിന്ദിഭാഷയോട് താല്പര്യം വളർത്തുക.
- കുട്ടിയെ മികച്ച വായനക്കാരനാക്കുകയും മികച്ച എഴുത്തുകാരനാക്കുകയും ചെയ്യുക.
- കുട്ടികളിലെ സാഹിത്യ അഭിരുചി വളർത്തുകയും ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുകയും ചെയ്യുക.

### ശാസ്ത്രം

- പരിസരനിരീക്ഷണം നടത്തി ചുറ്റുപാടുമുള്ള ജീവജാലങ്ങളെക്കുറിച്ച് അറിയുന്നതിന്.
- പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെട്ടുകൊണ്ട് കുട്ടികളിൽ ശാസ്ത്രപഠനത്തിന് താല്പര്യം വളർത്തുക.

- മുഴുവൻകുട്ടികൾക്കും ശാസ്ത്രീയ മനോഭാവം വളർത്തുക.
- ഓരോ കുട്ടികളെയും പരിസ്ഥിതി സംരക്ഷകരാക്കി വളർത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.

സാമൂഹികശാസ്ത്രം

- സാമൂഹികബോധം വളർത്തുക.
- ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക .
- കുട്ടികളിലെ ചരിത്രപരമായ അവബോധം പരിപോഷിപ്പിക്കുക.
- പ്രപഞ്ചം, സൗരയൂഥം, ഗ്രഹങ്ങൾ, ഭൂമി എന്നിവയെക്കുറിച്ച് വ്യക്തമായ ധാരണ കുട്ടികളിൽ വളർത്തിയെടുക്കുക.

ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
- ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
- രസകരമായ പ്രവർത്തനങ്ങളിലൂടെ ഗണിതത്തിൽ കുട്ടികളിൽ താല്പര്യം വളർത്തുക.
- ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ പഠനത്തിനായി പ്രയോജനപ്പെടുത്തുക.
- ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ.
- വിവരസാങ്കേതിക വിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
- കുട്ടികൾക്ക് സ്വതന്ത്രമായി കംപ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം ഒരുക്കികൊടുക്കുക.

പ്രവർത്തി പരിചയം

- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- പഠനവിഷയങ്ങളുമായി ബന്ധപെടുത്തിയുള്ള പ്രവർത്തിപരിചയാനുഭവങ്ങൾ കുട്ടികളെ പരിശീലിപ്പിക്കുക.

കലാപരിശീലനം

- കുട്ടികളിലെ സർഗാത്മക കഴിവുകൾ കണ്ടെത്തി അവരുടെ കഴിവുകൾ വളർത്താനുള്ള അവസരം ഒരുക്കികൊടുക്കുക.
- ആധുനിക സാങ്കേതികവിദ്യകൾ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക.

ആരോഗ്യ കായിക വിദ്യാഭ്യാസം

- ആരോഗ്യശീലങ്ങൾ വളർത്തുക
- ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക
- കായികാരോഗ്യക്ഷമതയുള്ള കുട്ടികളായി വളർത്തുക

**തനതു പ്രവർത്തനങ്ങൾ**

അറിവുത്സവം:

ലക്ഷ്യം : പത്രവാർത്തകൾ, ആനുകാലികങ്ങൾ എന്നിവ വായിച്ച് അറിവ് നേടുക

ക്വിസ് മത്സരങ്ങൾ, LSS, USS എന്നീ പരീക്ഷയിൽ ഉന്നത വിജയം നേടുക

**പ്രവർത്തനങ്ങൾ**

- ക്ലാസ് ലൈബ്രറി ശാക്തീകരണം
- പത്ര ക്വിസ്
- ക്വിസ് മത്സരം - ബുക്കിൽ രേഖപ്പെടുത്തുക

**Twinkle Twinkle Little Stars**

ലക്ഷ്യം : ഇംഗ്ലീഷ് ഭാഷയിൽ എഴുതുവാനും വായിക്കുവാനും പറയുവാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ

**പ്രവർത്തനങ്ങൾ**

കമ്പ്യൂട്ടർ സഹായത്തോടെ പാഠഭാഗത്തെ ഒരുക്കൽ, സ്പോക്കൺ ഇംഗ്ലീഷിന് പ്രാധാന്യം നൽകുന്ന പരിപാടി Drama, Role play

മലയാളം

| ക്രമ. നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1 | ഭാഷാ പരമായ വൈകല്യം പരിഹരിക്കുന്നതിന്<br>മേഖല : വായന | **അക്ഷരം ഉറപ്പിക്കൽ :**<br>അക്ഷരക്കാർഡുകൾ, അക്ഷര ചിത്രങ്ങൾ തുടങ്ങിയവ നൽകി അക്ഷരങ്ങൾ വായിക്കുന്നു<br>**ചിത്രം തിരിച്ചറിയൽ :**വിവിധതരം പക്ഷികൾ, മൃഗങ്ങൾ തുടങ്ങിയവയുടെ ചിത്രങ്ങൾ കാണിച്ച് പേര് വായിക്കുന്നു എഴുതുന്നു.<br><br>**ചിത്രവായന :**<br>ചിത്രങ്ങൾ നോക്കി കഥ, വിവരണം, പറയുന്നു, എഴുതുന്നു.<br><br>**വായിക്കാം :** കഥാ പുസ്തക വായന അമ്മവായന, റീഡേഴ്സ്തീയറ്റർ, സചിത്രപുസ്തകം, സംയുക്തഡയറി പ്രവർത്തനങ്ങൾ | |
| 2 | മികച്ച വായനാശീലം വളർത്തുക | സ്കൂൾ ലൈബ്രറിയും, ക്ലാസ് ലൈബ്രറികളിലും കുട്ടികൾക്ക് വായന ഒരുക്കൽ,വായന മത്സരങ്ങൾ സംഘടിപ്പിക്കൽ മധുരംമലയാളം | |
| 3 | ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠനപ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല പതിപ്പുകൾ, കയ്യെഴുത്ത് മാസികകൾ തയ്യാറാക്കൽ | |
| 4 | കുട്ടികൾക്ക് സർഗാത്മക രചനകൾക്കുള്ള അവസരം ഒരുക്കൽ | കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ, ( ചുമർചിത്രം കയ്യെഴുത്ത് മാസികൾ എന്നിവയിൽ നിന്ന്)<br><br>ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ സർഗാത്മക രചന നടത്തുന്നു | |
| 5 | നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭാഷാശേഷി വികസിപ്പിക്കുക | **ലിപി :** മലയാളം ടൈപ്പിങ്ങിൽ പരിശീലനം നൽകൽ | |

| | | | |
|---|---|---|---|
| 6. | ചൊല്ലിയും കേട്ടും താളം മനസ്സിലാക്കിയും പരിചയിച്ച കവിതകളെ വിശകലനം ചെയ്ത് അവയിലെ സൗന്ദര്യങ്ങൾ തിരിച്ചറിഞ്ഞ് ആസ്വദിക്കുക. | പാട്ടരങ്ങ് വായ്ത്താരി വരികൾ കൂട്ടിച്ചേർക്കൽ സമാന താളത്തിലുള്ള കവിതകൾ ശേഖരിക്കൽ | |
| 7. | ലഘുവിവരങ്ങൾ കഥകൾ കുട്ടിക്കവിതകൾ സംഭാഷണം തുടങ്ങിയവ ഭാവാത്മകമായി ആശയം ഉൾക്കൊണ്ട് വായിക്കാൻ പ്രാപ്തരാക്കുക | റീഡേഴ്സ് തിയറ്റർ | |
| 8. | പരിചിതമായ കടങ്കഥകൾ വിശകലനം ചെയ്ത് അവയുടെ സൗന്ദര്യവും ശക്തിയും തിരിച്ചറിഞ്ഞ് അവയെ ഉചിതമായ സന്ദർഭത്തിൽ ഉപയോഗിക്കുകയും പുതിയ കടങ്കഥകൾ നിർമ്മിക്കുകയും ചെയ്യുക | കടങ്കഥ പയറ്റ് ചിത്രത്തിൽ നിന്നും കടങ്കഥകൾ നിർമ്മാണം കടങ്കഥ ശേഖരണം | |
| 9. | സാഹിത്യപ്രതിഭകളെ അടുത്തറിയാം | • സാഹിത്യകാരന്മാരെ കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശനം<br>• പുസ്തകപ്രദർശനം<br>• ഓർമ്മ ദിനങ്ങൾ ആചരിക്കൽ | |
| 10. | നമ്മുടെ പ്രാചീന (നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ) | • ഭക്ഷ്യമേള<br>• നാടൻ ഭക്ഷണങ്ങളുടെ ഗുണമേന്മ ബോധവൽക്കരണ ക്ലാസ് | |

## ഇംഗ്ലീഷ്

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1 | ഇംഗ്ലീഷ് ഭാഷയിൽ എഴുതുന്നതിനും വായിക്കുന്നതിനും ഉള്ള പ്രാപ്തി നേടുക | അക്ഷരങ്ങൾ ഉറപ്പിക്കൽ: അക്ഷര കാർഡ്കണ്ടെത്ത, അക്ഷരം ചിത്രങ്ങൾ, ചിത്രം തിരിച്ചറിയൽ, വായിക്കൽ, തന്നിരിക്കുന്ന ചിത്രത്തിന്റെ ഇംഗ്ലീഷ് വാക്ക് മനസ്സിലാക്കി പറയുക കഥാപാത്രങ്ങളെ കണ്ടെത്തൽ : ICT പ്രയോജനപ്പെടുത്തി (E'Languagelab) കഥാപാത്രങ്ങളെ കണ്ടെത്തി പറയുന്നു ചിത്രം നോക്കി കഥ വായിക്കാം | |
| 2 | സ്വാതന്ത്ര്യ വായനയ്ക്കും സ്വതന്ത്ര എഴുത്തിനും സജ്ജരാക്കുക | ക്ലാസ് ലൈബ്രറികൾ പ്രയോജനപ്പെടുത്തി ലഘുകഥകൾ, കവിതകൾ, കഥാവായന, സ്വാതന്ത്ര്യ വായന, കൈയ്യെഴുത്തു മാസിക തയ്യാറാക്കൽ | |
| 3 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം മെച്ചപ്പെടുത്തുന്നതിന് | ലഘു സംഭാഷണങ്ങൾ വായിപ്പിക്കൽ, കയ്യെഴുത്തൽ, വിവരണങ്ങൾ, പറയിക്കൽ | |
| 4 | സാങ്കേതികവിദ്യകൾ ഇംഗ്ലീഷ് ഭാഷ വികസനത്തിന് പ്രയോജനപ്പെടുത്തുക | English language lab ഉപയോഗിക്കൽ | |

## അടിസ്ഥാന ശാസ്ത്രം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1 | ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക | ശാസ്ത്ര ലാബ് ക്രമീകരിക്കൽ LP, UP ക്ലാസുകളിലെ ശാസ്ത്രപരീക്ഷണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുക. ലാബ് ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നു | ജൂൺ ജൂലൈ |
| 2 | ശാസ്ത്രവബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക | പരീക്ഷണങ്ങൾ ചെയ്ത് കുറിപ്പ് തയ്യാറാക്കുന്നതിലൂടെ പരീക്ഷണങ്ങൾ രേഖപ്പെടുത്തുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നു | എല്ലാ മാസത്തിലും. |
| 3 | ഫീൽഡ് ട്രിപ്പ്. | തന്റെ ചുറ്റുപാടിനെ അറിയുന്നതിനായി കൃഷിസ്ഥലം, കുളം,വയൽ തുടങ്ങിയ ആവാസ വ്യവസ്ഥകൾ സന്ദർശിക്കുക. | |
| 4 | ജൈവവൈവിധ്യങ്ങളുടെ കലവറയാണ് നമ്മുടെ ചുറ്റുപാട് എന്നു തിരിച്ചറിയുന്നതിനും സംരക്ഷിക്കുന്നതിനും | തന്റെ ചുറ്റുപാടിലെ സസ്യങ്ങൾ, അവ യുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് ജൈവവൈവിധ്യ ഉദ്യാനം ഒരുക്കൽ | ജൂൺ ജൂലൈ |
| 5 | പുത്തൻ ശാസ്ത്ര അറിവുകൾ പങ്കുവെക്കുന്നതിനും ശാസ്ത്രാഭിരുചി വളർത്തുന്നതിനും | ചോദ്യമത്സരം സംഘടിപ്പിക്കു കവിവിധ കണ്ടുപിടുത്തങ്ങളെ കുറിച്ചുള്ള ധാരണ ഉറപ്പിക്കൽ | എല്ലാ ആഴ്ചകളിലും |
| 6 | കുട്ടികളിൽ ശാസ്ത്ര-അവബോധം വളർത്തൽ | 1.ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആചരി ക്കുന്നു.<br>2.ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്ര കുറിപ്പ് തയ്യാറാക്കൽ.<br>3.സയൻസ് ഡയറിയിൽസമകാലീന ശാസ്ത്ര വാർത്തകൾ അപ്ഡേറ്റ് ചെയ്യൽ | ശാസ്ത്ര ക്ലബ്ബിന്റെ മേൽനോട്ടത്തിൽ വർഷം മുഴുവനും |
| 7 | എല്ലാ കുട്ടികളെയും ആരോഗ്യമുള്ളവരാക്കി മാറ്റുക | 1. ആരോഗ്യ ശീലങ്ങളെ കുറിച്ചുള്ള ധാരണ വളർത്തൽ | വർഷം മുഴുവനും |

| | | | |
|---|---|---|---|
| | | 2.പോഷകാഹാരം കഴിക്കേണ്ടതിന്റെ പ്രാധാന്യം ബോധവൽക്കരണ ക്ലാസ്സ്<br>3. വ്യായാമ കുറവ്, ജീവിതശൈലി രോഗങ്ങൾ എന്നിവയെ കുറിച്ച് ചർച്ച സംഘടിപ്പിക്കൽ | |
| 8 | എല്ലാ കുട്ടികളെയും പരിസ്ഥിതി സംരക്ഷകരായി വളർത്തുക | പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രാധാന്യം കുട്ടികളെ ബോധ്യപ്പെടുത്തൽ, ദിനാചരണങ്ങൾ, വൃക്ഷത്തൈ നടീൽ, 'വൃക്ഷത്തെ അറിയാം' സ്കൂൾ പരിസരത്തുള്ള വൃക്ഷങ്ങളെ തിരിച്ചറിയുന്നു. | |

## സാമൂഹ്യ ശാസ്ത്ര വിഷയം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | നിർവ്വഹണ കാലഘട്ടം |
|---|---|---|---|
| 1. | സാമൂഹ്യ ശാസ്ത്ര വിഷയം കൂടുതൽ ശാസ്ത്രീയമാക്കുക . | **സാമൂഹ്യശാസ്ത്ര ലാബ്**<br>സാമൂഹ്യശാസ്ത്ര പുസ്തകങ്ങൾ, ഭൂപടങ്ങൾ, അറ്റ്ലസ് ഗ്ലോബുകൾ, ഐ സി ടി അധിഷ്ഠിത ക്ലാസ്സ്റൂം. പഴയ കാല ഉപകരണങ്ങൾ, കറൻസികൾ സംഘടിപ്പിക്കൽ | ജൂൺ ഓഗസ്റ്റ് |
| 2. | സാമൂഹ്യശാസ്ത്ര പഠനത്തിൽ ICT സാധ്യത പ്രയോജനപ്പെടുത്തുക, പഠനം കൂടുതൽ തനിമയുള്ളതാക്കുക | ഐ സി ടി പ്രവർത്തനമാതൃകകൾ ഐ സി ടി വിഷയവുമായി ബന്ധപ്പെടുത്തി എങ്ങനെ ഉപയോഗിക്കാം എന്ന് സർഗ്ഗവേളയിൽ ചർച്ച, ട്രൈഔട്ട് | അധ്യയന വർഷം മുഴുവൻ |
| 3. | മതേതര ജനാധിപത്യ ബോധം, സാമൂഹ്യചിന്ത, സാമൂഹ്യ ശാസ്ത്ര വിശകലനശേഷി, അന്വേഷണാത്മക ശേഷി ഇവ എല്ലാകുട്ടികളും ആർജിക്കുക | **ചിത്രപ്രദർശനം**<br>**ചിത്ര ഗ്യാലറി**<br>മതസൗഹാർദ്ദത്തിന്റെ ആശയങ്ങൾ വിളി ച്ചോതുന്ന ചിത്രങ്ങൾ, സ്ക്രിറ്റ്. നാടകങ്ങൾ, കഥകൾ, കുട്ടിയുടെ രചന ചരിത്രകാരന്മാരുടെ ചിത്രങ്ങൾ | ഓരോ ടേമിലും |

| | | | |
|---|---|---|---|
| 4 | ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് സാമൂഹ്യശാസ്ത്ര പഠനം പ്രയോജനപ്പെടുത്തുക | **ഡോക്യുമെന്ററി പ്രദർശനം**<br>സമൂഹത്തിനായി പ്രവർത്തിച്ച വ്യക്തികളുടെ ജീവിതവുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശം | |
| 5. | സാമൂഹ്യശാസ്ത്ര പഠനശേഷി വികസിപ്പിക്കുക | ക്ലാസ് ലൈബ്രറി<br>സമൂഹത്തിന്റെ പങ്കാളിത്തത്തോടെ സാമൂഹ്യശാസ്ത്രവുമായി ബന്ധമുള്ള പുസ്തകങ്ങളുടെ ശേഖരണം, ഭവനങ്ങളിൽ നിന്ന് പുസ്തക ശേഖരണം, ജന്മദിനത്തിൽ സാമൂഹ്യ ശാസ്ത്ര പുസ്തകം, ക്ലാസ് ലൈബ്രറിയിലേക്ക് സംഭാവനയായി ശേഖരിക്കൽ, അറ്റ്ലസ്, ആകർഷകമായ രീതിയിൽ ക്രമീകരിക്കൽ. | അദ്ധ്യായന വർഷത്തിലൂട നീളം |
| 6 | കരിക്കുലം ലക്ഷ്യമിടുന്ന എല്ലാ സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങളും എല്ലാ കുട്ടികളും ആർജിക്കുക. | സോഷ്യൽ സയൻസ് ഫെസ്റ്റ്<br>നാടകം, പ്രസംഗം,സ്കിറ്റ്, ക്വിസ് തുടങ്ങിയവ ഉൾപ്പെടുത്തി പ്രദർശനങ്ങൾ സംഘടിപ്പിക്കൽ | ജൂൺ മാർച്ച് |
| 7 | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ആസ്വാദ്യകരമാക്കുക | ഡിജിറ്റൽ ആൽബം<br>വ്യക്തിഗതമായി ആൽബം തയ്യാറാക്കി S.S CLUB ൽ അവതരണം | ഒക്ടോബർ |
| 8 | സാമൂഹ്യശാസ്ത്രപഠനശേഷി വികസിപ്പിക്കുക | ദിനാചരണങ്ങൾ<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്ത നങ്ങൾ S. R. G യിൽ രൂപപ്പെടുത്തൽ നിശ്ചിത ദിവസങ്ങളിൽ സംഘടിപ്പിക്കൽ | ജൂൺ മാർച്ച് |

# അക്കാദമിക് മാസ്റ്റർ പ്ലാൻ ഹിന്ദി

| SL. No | Programme | Activity | Duration | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും, പദങ്ങളും, ആശയങ്ങളും | 1. അക്ഷരം എഴുത്ത്. 2. ചിഹ്നം ഉറപ്പിക്കൽ 3. അക്ഷര കാർഡ്, വാക്കുകൾ എഴുതിയ കാർഡ്. 4. ക്ലാസ്സിൽ അക്ഷര മാല പ്രദർശനം. 5. വാക്കുകൾ നിർമ്മാണം. 6. വാക്യങ്ങളുടെ നിർമ്മാണം. | | അക്ഷര ചാർട്ട്, പാഠപുസ്തകം | |
| 2. | വീട് ഒരു പരീക്ഷണ ശാല. കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് ഹിന്ദിയിൽ പഠിക്കാം | 1. വീട്ടിൽ ഉപയോഗിക്കുന്ന ഗൃഹോപകരണങ്ങൾ, പച്ച ക്കറികൾ, പഴങ്ങൾ, പൂക്കൾ , തുടങ്ങിയവയുടെ പട്ടിക ഹിന്ദിയിൽ തയ്യാറാക്കുക, 2. അധ്യാപികയുടെ സഹായത്തോടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം | | ഹിന്ദി നിഘണ്ടു. | |
| 3. | ആശയങ്ങൾ തെറ്റു കൂടാതെ പ്രകടിപ്പിക്കാനും സർഗ്ഗാത്മക രചനകൾ വികസിപ്പിക്കാനുമുള്ള അവസരം (സുരീലി ഹിന്ദി) | 1. ഹിന്ദി അസ്സംബ്ലി 2. ദിനാചരണങ്ങൾ 3. (സെപ്തംബര് 14, ജനുവരി 10) 4.ക്ളാസ് ലൈബ്രറി 5. അധിക വായന സാമഗ്രികൾ 6. ചിത്ര സഹായത്തോടെ ചിത്രകഥ തയ്യാറാക്കൽ 7. പതിപ്പ് തയാറാക്കൽ 8. വായനാമൂല 9. ഹിന്ദി ക്ലബ് പ്രവർത്തനങ്ങൾ | | | |

ഗണിതം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് |
|---|---|---|---|
| 1. | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | 1. സംഖ്യാകാർഡുകൾ, ഡൈസ്കളി, സംഖ്യാ പോക്കറ്റ്, തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഗണിത ക്രിയകൾ വികസിപ്പിക്കുക.<br>2. മുഴുവൻ ക്ലാസ്സിലും ഗണിത മൂലകൾ ക്രമീകരിക്കൽ (മഞ്ചാടി, കളി നോട്ട് കാർഡുകൾ തുടങ്ങിയവ)<br>3. ഗണിത പാട്ടുകൾ പഠിപ്പിക്കൽ. | 3 മാസം |
| 2. | ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക. | 1. നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അവതരിപ്പിക്കൽ,<br>2. ക്ലാസ്സിൽ ഒരു കച്ചവടം. | 1 മാസം |
| 3. | ഗണിതത്തിൽ കുട്ടികളുടെ താല്പര്യം വളർത്തുക | ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ, പാട്ടുകൾ, പസിലുകൾ, കുസൃതികണക്ക്, മനക്കണക്ക് ഗണിത ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുത്തൽ | വർഷാന്ത്യം |
| 4. | ആധുനിക സാങ്കേതിക വിദ്യകൾ ഗണിതത്തിനായി പ്രയോജനപ്പെടുത്തുക. | കമ്പ്യൂട്ടർ ഉപയോഗിച്ച് രൂപങ്ങൾക്ക് നിറം കൊടുക്കൽ, ഗണിത രൂപങ്ങൾ വരക്കൽ, ഗണിത ശേഷികൾ ഉറപ്പിക്കൽ, Geogebra വഴി ആശയ വിശകലനം. | വർഷാന്ത്യം |
| 5. | ജാമതീയ രൂപങ്ങൾ തിരിച്ചറിയുകയും അവ ഉപയോഗിച്ചുള്ള ചിത്ര നിർമ്മാണം | ചുറ്റുപാടിൽ നിന്നും ജാമതീയ രൂപങ്ങൾ തിരിച്ചറിയുന്നു വെജിറ്റബിൾ പ്രിൻറിംഗ്, തോരണം, തോണി മുതലായ ചിത്രങ്ങൾ നിർമ്മിക്കൽ | |
| 6. | സംഖ്യാവ്യാഖ്യാനം | സംഖ്യകാർഡ് കളി നോട്ട്,<br>ഈർക്കിൽ നോട്ട് കെട്ട്<br>മഞ്ചാടി, തുടങ്ങിയവയിലൂടെ വ്യത്യസ്ത രീതിയിൽ സംഖ്യകളെ വ്യാഖ്യാനിക്കുക. | |

## യു.പി തലം

| നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം |
|---|---|---|---|
| 1. | 5,6,7 ക്ലാസ്സുകളിൽ പാഠ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠനനേട്ടങ്ങൾക്കും എല്ലാ കുട്ടി കളെയും അർഹരാക്കുക | 5,6,7 ക്ലാസ്സിലെ മുഴുവൻ യൂണിറ്റിലെയും പഠനനേട്ടങ്ങൾ ബന്ധപ്പെടുത്തി വർക്ക് ഷീറ്റ് തയ്യാറാക്കൽ | ഓരോ ടേമിന്റെയും തുടക്കത്തിൽ |
| 2. | അടിസ്ഥാന ഗണിതാശയങ്ങൾ മുഴുവൻ കുട്ടികളിലേക്കും എത്തിക്കുക | **ഗണിതലാബ്**<br>കുട്ടികൾക്ക് സ്വതന്ത്രമായി ഇടപെഴകാൻ സഹായകരമായ തരത്തിൽ ഗണിതലാബ് സജ്ജമാക്കുക | |
| 3. | ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ നേടുന്നുവെന്ന് ഉറപ്പ് വരുത്തൽ | **ഗണിതമേള**<br>ഓരോ ക്ലാസ്സിലും പഠനനേട്ടങ്ങൾ വിലയിരുത്തുന്നതിനായി ഗണിതമേള സ്കൂൾ തലത്തിൽ നടത്തൽ | ഓരോ ടേമിലും |
| 4. | ഓരോ ക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണ കൈവരിക്കണമെന്ന് ഉറപ്പാക്കൽ | **യൂണിറ്റ് വിലയിരുത്തൽ**<br>ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യ നിർണയം നടത്തി പരിഹാര ബോധനം ഉറപ്പു വരുത്തുന്നു | ജൂൺ മുതൽ മാർച്ച് വരെ |
| 5. | ഗണിതപഠനം ലളിതമാണെന്ന ബോധം കുട്ടിയിൽ ഉടക്കുവാനും പഠനം ആസ്വാദ്യകരമാകുവാനും കൃത്യതയോടെയും സൂക്ഷ്മ തയോടും കൂടി കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസിലാക്കുന്നതിനും പര്യാപ്തമാകുക | **ഗണിത കേളികൾ**<br>ക്ലാസ് തലത്തിൽ ശില്പ ശാല. ഗണിതഗാനം, കുട്ടികവിത കൾ ശേഖരണം, കണക്കിലെ കളികൾ, ജ്യാമിതീയ രൂപങ്ങളുടെ നിർ മാണം, ഗണിതശാസ്ത്രജ്ഞന്മാരെയും അവരുടെ സംഭവന കളെയും പരിചയപ്പെടുത്തൽ | അദ്ധ്യയന വർഷത്തിലുടനീളം |

| | | | |
|---|---|---|---|
| 6. | ICT സാധ്യതകൾ ഉപയോഗപ്പെടുത്തി പഠനം ലളിതമാക്കാമെന്ന് കുട്ടിയെ ബോധ്യപ്പെടുത്തുന്നു | ICT സാധ്യത പ്രയോജനപ്പെടുത്തൽ മട്ടകോണിന്റെയും മട്ടങ്ങളുടെയും ഉപയോഗം<br>മനസിലാക്കാൻ കമ്പ്യൂട്ടർ ഉപയോഗിച്ച് ഗണിത രൂപങ്ങൾ<br>പരിചയപ്പെടുത്തൽ<br>ഏലീഴലയൃമ വഴി ആശയ വിശകലനം | ജൂൺ മുതൽ മാർച്ച് വരെ |
| 7. | ഗണിതപഠനത്തിൽ അഭിരുചി വളർത്തൽ | ഗണിത അസംബ്ലി<br>ഗണിത പാട്ടുകൾ, അറിവുകൾ, കണ്ടുപിടിത്തങ്ങൾ മുത ലായവ ഉൾപ്പെടുത്തി ഗണിത അസംബ്ലി സംഘടിപ്പിക്കൽ | ഓരോ മാസവും |

## കലാപരിശീലനം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 1. | കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ അവരുടെ കഴിവുകൾ വളർത്താനുള്ള അവസരം ഒരുക്കി കൊടുക്കുക. | **1. സർഗ്ഗവേദി** : ആഴ്ചയിൽ ഒരു ദിവസം എല്ലാ ക്ലാസ്സിലും സർഗ്ഗവേദി നടത്തൽ.<br>2. നേതൃത്വം വിദ്യാർത്ഥികൾ<br>3. പരിശീലനം നൽകൽ<br>4. സർഗ്ഗാത്മക രചനകൾ<br>5. പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം<br>6. എല്ലാ കുട്ടികൾക്കും അവരുടെ സർഗ്ഗാത്മക കഴിവുകൾ പ്രയോജനപ്പെടുത്താൻ അവസരം കൊടുക്കൽ. | |

## പ്രവൃത്തി പരിചയം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 1. | നിർമ്മാണാത്മ ക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക. | വർണ്ണക്കടലാസുകൊണ്ടുള്ള ഉത്പന്നങ്ങൾ വേസ്റ്റ് മെറ്റീരിയൽ പേപ്പർ ബാഗ്, തുടങ്ങിയ പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ. | |
| 2. | പഠന വിഷയങ്ങളുമായി ബന്ധപ്പെട്ടുള്ള പ്രവൃത്തി പരിചയ അനുഭവങ്ങൾ കുട്ടികളെ പരിശീലിപ്പിക | കടലാസ്, കാർഡ് ബോർഡുകൾ കൊണ്ടുള്ള വീട് നിർമ്മാണം, വാഹന നിർമ്മാണം പൂക്കൾ നിർമ്മാണം, തുടങ്ങിയവ പോലുള്ള പ്രവർത്തനങ്ങൾ | |

# ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | |
|---|---|---|---|
| 1. | ആരോഗ്യ ശീലങ്ങൾ വളർത്തുക | **എന്റെ ആരോഗ്യം :** ബോധവൽക്കരണ ക്ലാസ്സുകൾ, വിവിധ വ്യായാമ മുറകൾ പരിശീലിപ്പിക്കൽ, യോഗ, സുംബ ഡാൻസ് | |
| 2. | കായികാരോഗ്യ ക്ഷമതയുള്ള കുട്ടികളായി വളർത്തുക. | പോഷകാഹാര ലഭ്യതകളെ കുറിച്ച് രക്ഷകർത്താക്കളെ ബോധവൽക്കരിക്കൽ | |
| 3. | ലഹരി വിരുദ്ധ ക്യാമ്പസ് | ജാഗ്രത സമിതി രൂപീകരണം<br>ബോധവൽക്കരണ ക്ലാസ്<br>• വീഡിയോ പ്രദർശനം<br>• മൈം<br>• റാലി<br>• പോസ്റ്റർ രചന | |